2024
JUNE
21
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഏഴ് യൂറോപ്യൻ രാജ്യങ്ങളിൽ ഇന്ത്യൻ മെഡിക്കൽ പ്രൊഫഷണലുകൾക്ക് സുവർണാവസരം



**ബ്രസൽസ്:** യൂറോപ്യൻ യൂണിയൻ അംഗങ്ങളായ ഏഴു രാജ്യങ്ങൾ ഡോക്ടർമാരും നഴ്സുമാരും അടക്കമുള്ള മെഡിക്കൽ രംഗത്തെ പ്രൊഫഷണലുകളുടെ കാര്യത്തിൽ കടുത്ത ക്ഷാമം നേരിടുന്നു.

യൂറോപ്യൻ യൂണിയനിൽ ആകമാനം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും നഴ്സിങ് പ്രൊഫഷണലുകളുടെയും കുറവാണ് ഏറ്റവും രൂക്ഷമായിരിക്കുന്നത്. ഇതു മറികടക്കാൻ വിദേശ രാജ്യങ്ങളിൽ നിന്നുള്ള റിക്രൂട്ട്മെൻറാണ് ഏക മാർഗമെന്നു തിരിച്ചറിഞ്ഞ പല സർക്കാരുകളും കുടിയേറ്റ നിയമങ്ങളിൽ കാര്യമായ ഇളവുകൾ പ്രഖ്യാപിച്ചു കഴിഞ്ഞു.

മെഡിൽ രംഗത്ത് തൊഴിലാളി ക്ഷാമം നേരിടുന്ന രാജ്യങ്ങളിൽ മുന്നിൽ സ്വിറ്റ്സർലൻഡ്, ജർമനി, നോർവേ, അയർലൻഡ്, നെതർലൻഡ്സ്, ഓസ്ട്രിയ, ഡെൻമാർക്ക് എന്നിവയാണ്. നിലവിൽ വിദേശ ഡോക്ടർമാരെയും നഴ്സുമാരെയും ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ സ്വിറ്റ്സർലൻഡും അയർലൻഡുമാണ്.

ഡോക്ടർ, നഴ്സ് തസ്തികകൾ കൂടാതെ, ഹെൽത്ത് കെയർ അസിസ്റ്റൻറ്, മിഡൈ്വഫ്, ഫിസിയോതെറാപ്പിസ്റ്റ്, ഡെൻറിസ്റ്റ്, ഫാർമസിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് ഒഴിവുകളും നിരവധിയാണ് നികത്തപ്പെടാതെ കിടക്കുന്നത്.

# സമുദ്രോത്പന്ന കയറ്റുമതിയിൽ ഇന്ത്യയ്ക്ക് സർവകാല റെക്കോഡ്



**കൊച്ചി:** ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി മാർച്ച് 31ന് അവസാനിച്ച കഴിഞ്ഞ സാമ്പത്തിക വർഷം സർവകാല റെക്കോഡിട്ടു. 60,524 കോടി രൂപ വില വരുന്ന 17.82 ലക്ഷം ടൺ സമുദ്രോത്പന്നങ്ങളാണ് കഴിഞ്ഞ വർഷം ഇന്ത്യ കയറ്റി അയച്ചത്. അമെരിക്കയും ചൈനയുമാണ് ഏറ്റവും കൂടുതൽ വാങ്ങിയതെന്ന് സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയുടെ (എംപിഇഡിഎ) കണക്കുകൾ വ്യക്തമാക്കുന്നു.

ഇന്ത്യ കയറ്റുമതി ചെയ്യുന്ന സമുദ്രോത്പന്നങ്ങളിൽ ചെമ്മീൻ തന്നെയാണ് താരം. മാർച്ച് 31ന് അവസാനിച്ച കഴിഞ്ഞ സാമ്പത്തിക വർഷം 40,013 കോടി രൂപയുടെ ശീതീകരിച്ച ചെമ്മീനാണ് കയറ്റി അയച്ചത്. മുൻവർഷവും ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്ത സമുദ്ര വിഭവം ചെമ്മീൻ തന്നെയാണ്.

7,16,004 ടൺ ചെമ്മീനാണ് കഴിഞ്ഞ സാമ്പത്തിക വർഷം കയറ്റി അയച്ചത്. അമെരിക്കയിലേക്കായിരുന്നു ഏറ്റവും കൂടുതൽ. 2.98 ലക്ഷം ടൺ ചെമ്മീനാണ് അമെരിക്ക ഇന്ത്യയിൽ നിന്ന് ഇറക്കുമതി ചെയ്തത്. ചൈന 1.49 ലക്ഷം ഇറക്കുമതി ചെയ്തു. യൂറോപ്യൻ യൂണിയൻ 89,697 ടൺ വാങ്ങി.



# തമിഴ്നാട് ടൂറിസ്റ്റ് ബസുകൾ നാളെ മുതൽ തടയാൻ കേരളത്തിലെ ബസ് ഉടമകൾ

**തിരുവനന്തപുരം:** ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റുള്ള ബസുകൾ തമിഴ്നാട്ടിലെ നികുതി കൂടി അടയ്ക്കണമെന്ന നിലപാടിനെതിരെ ബസുടമകൾ സുപ്രീം കോടതിയെ സമീപിക്കും. കേരളത്തിൽ നിന്നുള്ള ബസുകൾ തടഞ്ഞു യാത്രക്കാരെ ഇറക്കി വിടുന്നതിൽ പ്രതിഷേധിച്ചു കേരളത്തിലെ ബസുടമകളും തൊഴിലാളികളും തമിഴ്നാട് റജിസ്ട്രേഷനുള്ള ടൂറിസ്റ്റ് ബസുകൾ കേരളത്തിനുള്ളിൽ നാളെ മുതൽ തടയുമെന്നു ലക്ഷ്വറി ബസ് ഓണേഴ്സ് അസോസിയേഷൻ (കേരള) ഭാരവാഹികൾ അറിയിച്ചു.

ഓൾ ഇന്ത്യ ടൂറിസ്റ്റ് പെർമിറ്റ് (എഐടിപി) ബസുകൾക്ക് തമിഴ്നാട്ടിൽ നികുതി അടയ്ക്കണമെന്ന ആവശ്യം നിയമ വിരുദ്ധമാണെന്നു സംഘടനാ പ്രസിഡന്റ് എ.ജെ.റിജാസ് പറഞ്ഞു. ഇന്നു മുതൽ കേരളത്തിലേക്കു സർവീസ് നടത്തരുതെന്ന് തമിഴ്നാട്ടിലെ ബസ് ഉടമകളോട് സംഘടന അഭ്യർഥിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. തമിഴ്നാടിന്റെ പുതിയ നിലപാട് മൂലം സംസ്ഥാനാന്തര ബസ് സർവീസുകൾ പ്രതിസന്ധിയിലാണ്. കേരളത്തിൽ നിന്നുള്ള ചെന്നൈ, മധുര, വേളാങ്കണ്ണി സർവീസുകൾ മിക്കതും ഇന്നലെ റദ്ദാക്കി. തമിഴ്നാട് റജിസ്ടഷ്രേനുള്ള ബസുകൾ മാത്രമാണു സർവീസ് നടത്തിയത്.

കേരളത്തിൽ നിന്നുള്ള ബെംഗളൂരു, ഹൈദരാബാദ് സർവീസുകൾ മുത്തങ്ങ, മൈസൂരു വഴി തിരിച്ചു വിട്ടു. ബുധനാഴ്ച വൈകിട്ടു തിരുവനന്തപുരത്തു നിന്നു പോയ ബെംഗളൂരു ബസുകൾ തമിഴ്നാട് മോട്ടർ വാഹന വകുപ്പ് നാഗർകോവിലിൽ പിടിച്ചിട്ടതു മൂലം യാത്രക്കാർ പെരുവഴിയിലായിരുന്നു. 10 മണിയോടെ 4 ബസുകളാണ് തടഞ്ഞത്. യാത്രക്കാരോട് തമിഴ്നാട് സർക്കാർ ബസുകളിൽ യാത്ര തുടരാനാണ് അധികൃതർ നിർദേശിച്ചത്. എന്നാൽ മിക്കവരും യാത്ര വേണ്ടെന്നു വച്ചു. പിടിച്ചെടുത്ത ബസുകൾ മടക്കി അയയ്ക്കാനും അധികൃതർ ആദ്യം തയാറായില്ല. ഏറെ വൈകിയാണ് ബസ് തിരികെ വിട്ടത്.



# നെറ്റ് പരീക്ഷാ ചോദ്യപ്പേപ്പർ ഡാർക്ക്നെറ്റിൽ 5 ലക്ഷത്തിന്

## സിബിഐ അന്വേഷണം ആരംഭിച്ചു

**ന്യൂഡൽഹി:** നെറ്റ് ക്രമക്കേടിൽ സിബിഐ കേസ് റജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. കുറ്റവാളികളെ പിടികൂടാൻ ഡാർക്ക്നെറ്റ് എക്സ്പ്ലോറേഷൻ സോഫ്റ്റ്വെയർ അടക്കമുള്ളവ ഉപയോഗിക്കുമെന്നും ആഭ്യന്തരമന്ത്രാലയ സൈബർ സുരക്ഷാ വിഭാഗവുമായി സഹകരിക്കുമെന്നും സിബിഐ അറിയിച്ചു. ജൂൺ 18നായിരുന്നു എൻടിഎയുടെ യുജിസി നെറ്റ് പരീക്ഷ. എന്നാൽ പരീക്ഷയിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് പിറ്റേന്നുതന്നെ നാഷനൽ സൈബർ ക്രൈം ത്രെട്ട് അനലിറ്റിക്സ് യൂണിറ്റ് യുജിസിയെ അറിയിച്ചു. ഡാർക്ക്നെറ്റിൽ ചോദ്യപ്പേപ്പർ ലഭ്യമാണെന്നും 56 ലക്ഷം രൂപയ്ക്കാണ് ഇതു വിറ്റുപോകുന്നതെന്നുമായിരുന്നു വിവരം.

# അരവിന്ദ് കേജ്‌രിവാളിന് ജാമ്യം

**ന്യൂഡൽഹി :** മദ്യനയ അഴിമതിക്കേസിൽ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിനു ജാമ്യം. അറസ്റ്റിലായി ജൂൺ 21നു മൂന്നു മാസം തികയാനിരിക്കെയാണു റൗസ് അവന്യൂവിലെ പ്രത്യേക കോടതി ജാമ്യം അനുവദിച്ചത്. ജാമ്യത്തുകയായി ഒരു ലക്ഷം രൂപ കെട്ടിവയ്ക്കണം. കോടതി നടപടികൾ പൂർത്തിയാക്കി കേജ്‌രിവാൾ വെള്ളിയാഴ്ച ജയിൽമോചിതനാകും എന്ന് എഎപി വൃത്തങ്ങൾ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇൻഡോ ആസ്ട്രേലിയൻ എക്സലൻസ് അവാർഡ്: മലയാളികൾക്ക് പുരസ്ക്കാരം




കെ എസ് വിനോദ്, അഡ്വ. കെ വി സാബു

**കൊച്ചി:** ഓസ്ട്രേലിയിലെ ബ്രിസ്ബെയിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഡോ ആസ്ട്രേലിയൻ ഫ്രണ്ട്സ്ഷിപ്പ് അസോസിയേഷനും വിൻഗ്രൂപ്പ് അസോസിയേഷനും സംയുക്തമായി ഏർപ്പെടുത്തിയ ഇൻഡോ ആസ്ട്രേലിയ എക്സലൻസ് അവാർഡിലെ വിവിധ വിഭാഗത്തിൽ മലയാളികൾക്ക് പുരസ്ക്കാരം.ഡബ്ല്യുബിസി ബോക്സിംഗ് ചാംപ്യനായ കെ എസ് വിനോദ്,സാമൂഹ്യപ്രവർത്തകനും അഭിഭാഷകനുമായ അഡ്വ. കെ വി സാബു, ഐടി മേഖലയിൽ പ്രവർത്തിക്കുന്ന മോബി കെ. ബാബു എന്നിവരാണ് അവാർഡിന് അർഹരായ മലയാളികൾ. കായിക മേഖലയിലെ മികവിന്റെ അടിസ്ഥാനത്തിലാണ് 2023 ലെ ഡബ്ല്യുബിസി മിഡിൽ വെയ്റ്റ് ബോക്സിംഗ് ചാംപ്യനായ കെ എസ് വിനോദ് സ്പോർടസ് മാൻ ഓഫ് ദി ഇയർ പുരസ്ക്കാരത്തിന് അർഹനായത്. സാമൂഹ്യരംഗത്തെയും 38 വർഷമായുള്ള നിയമരംഗത്തെ പ്രവർത്തന മകിവിന്റെയും അടിസ്ഥാനത്തിലാണ് ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനും ബിജെപി ന്യൂനപക്ഷ അഖിലേന്ത്യ മുൻ സെക്രട്ടറിയും ബിജെപി സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവുമായ അഡ്വ. കെ വി സാബുവിനെ മാൻ ഓഫ് ലീഗൽ ലുമിനറി അവാർഡിന് അർഹനാക്കിയത്. ഐടി രംഗത്തെ മികവിന്റെ അടിസ്ഥാനത്തിലാണ് ബംഗളുരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇകോൺസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ എംഡിയായ മോബി കെ ബാബുവിനെ അവാർഡിന് അർഹനാക്കിയത്. കൂടാതെ ഡിജെഎംസി ചെയർമാൻ ഡൺസ്റ്റൻ പോൾ റൊസാരിയോ ഗ്ലോബൽ ബോക്സിംഗ് പ്രമോട്ടർ അവാർഡിനും വുമൺ എംപവർമെന്റ് അവാർഡിന് ഓസ്ട്രേലിയയും ദുബായും കേന്ദ്രമായി പ്രവർത്തിക്കുന്ന അസലിയ ലാപ്പസും അർഹരായി. ബ്രിസ്ബെയിൻ ക്യൂൻസ് ലാന്റ് പാർലമെന്റ് ഹാളിൽ ഇന്ന് (ജൂൺ 21)) നടക്കുന്ന സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും. ഓസ്ട്രേലിയൻ പാർലമെന്റ് സ്പീക്കർ മിൽട്ടൺ ഡിക്ക് എംപി ഉദ്ഘാടനം ചെയ്യും. ക്യൂൻസ് ലാന്റ് പ്രതിപക്ഷ നേതാവ് ജോൺ പോൾ എംപി അധ്യക്ഷത വഹിക്കും. ബ്രിസ് ബെയ്ൻ ബേസൈഡ് സൗത്ത് ഇൻഡ്യൻ അസോസിയേഷൻ പ്രസിഡന്റും വിൻഗ്രൂപ്പ് കൺസൾട്ടൻസി ഓസ്ട്രേലിയൻ ചാപ്റ്റർ ഡയറക്ടറും പ്രോഗ്രാമിന്റെ മുഖ്യസംഘാടകനുമായ വിനോദ് മാനുവൽ ആമുഖ പ്രഭാഷണം നടത്തും.കൗൺസിലർ ട്രേസി ഹ്യൂസ് മുഖ്യഅതിഥിയായിരിക്കും.

# ഇൻഡെൽ മണിയുടെ ലാഭം 55.75 കോടി

INDEL money
We care for your needs

**കൊച്ചി:** പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമായ ഇൻഡെൽ മണി 2023 24 വർഷം ലാഭത്തിൽ വൻ വർധന രേഖപ്പെടുത്തി. 55. 75 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം കമ്പനി കൈവരിച്ച ലാഭം. 2023 സാമ്പത്തിക വർഷ ലാഭമായ 29. 19 കോടി രൂപയുടെ ഇരട്ടിയോളമാണിത്. 2024 സാമ്പത്തിക വർഷത്തെ മൊത്തം പ്രവർത്തന വരുമാനം മുൻ വർഷത്തെയപേക്ഷിച്ച് 56 ശതമാനം വർധിച്ച് 289.01 കോടി രൂപയായിട്ടുണ്ട്. 2023 സാമ്പത്തിക വർഷം ഇത് 185.23 കോടി രൂപയായിരുന്നു.1800 കോടി രൂപയുടെ ആസ്തികൾ കമ്പനി കൈകാര്യം ചെയ്യുന്നുണ്ട്. 6000 കോടിയോളം രൂപയുടെ വായ്പകൾ പ്രതിവർഷം വിതരണം ചെയ്യുന്നു. വായ്പകളിൽ 91 ശതമാനവും സ്വർണ്ണ വായ്പയാണ് .

2024 സാമ്പത്തിക വർഷം നാളിതു വരെയുള്ളതിൽ ഏറ്റവും മികച്ച ലാഭം കൈവരിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടറും എം ഡിയുമായ ഉമേഷ് മോഹനൻ പറഞ്ഞു. പുതിയ ഇടപാടുകാരുടേയും ശാഖകളുടേയും എണ്ണത്തിലുണ്ടായ വളർച്ചയുടെ ഫലമാണിതെന്നും ലാഭത്തിലും വളർച്ചയിലും കേന്ദ്രീകരിക്കുന്ന വിജയകരമായ ധനകാര്യ മാതൃകയാണ് ലക്ഷ്യമെന്നും അദ്ദേഹം സൂചിപ്പിച്ചു.2025 സാമ്പത്തിക വർഷം പുതുതായി 80 ലധികം ശാഖകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 14 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി ഇൻഡെൽമണിക്ക് 320 ശാഖകളുണ്ട്.

# റുപേ വേവ് ക്രെഡിറ്റ് കാർഡുമായി ഫെഡറൽ ബാങ്ക്

FEDERAL BANK
YOUR PERFECT BANKING PARTNER

**കൊച്ചി:** നാഷനൽ പേമെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ)യുമായി ചേർന്ന് ഫെഡറൽ ബാങ്ക് റുപേ വേവ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു. ഇടപാടുകാർക്ക് യുപിഐ മുഖേന സൗകര്യപ്രദമായി ഇപാടുകൾ നടത്താമെന്നതാണ് കാർഡിന്റെ സവിശേഷത. ക്രെഡിറ്റ് കാർഡിന്റെ ആനുകൂല്യങ്ങൾക്കും ഫീച്ചറുകൾക്കുമൊപ്പം യുപിഐ പേമെന്റിന്റെ സൗകര്യവും ഒന്നിച്ചു ലഭ്യമാക്കുന്ന ഈ സംവിധാനം ഡിജിറ്റൽ ഇടപാടുകൾ കൂടുതൽ കാര്യക്ഷമമാക്കും. ഫെഡറൽ ബാങ്ക് റുപേ വേവ് ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾക്ക് തങ്ങളുടെ യുപിഐ ആപ്പുമായി ബന്ധിപ്പിച്ച് വേഗത്തിലുള്ളതും സുരക്ഷിതവുമായ ഇടപാടുകൾ നടത്താമെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.

ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ് ഇടപാടുകാർക്ക് മൊബൈൽ ബാങ്കിങ് ആപ്പായ ഫെഡ്മൊബൈലിലെ കേവലം രണ്ടു ക്ലിക്കുകളിലൂടെ പുതിയ കാർഡ് ലഭിക്കുന്നതാണ്. പ്രവേശന ഫീസോ വാർഷിക ഫീസോ ഇല്ല. കൂടാതെ വേവ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള ആദ്യ അഞ്ച് യുപിഐ ഇടപാടുകൾക്ക് 10 ശതമാനം കാഷ് ബാക്കും ലഭിക്കും. ഓരോ മൂന്നുമാസത്തിലും ചെലവഴിക്കുന്ന 50,000 രൂപയ്ക്ക് 1000 ബോണസ് റിവാഡ് പോയിന്റും ലഭിക്കും. ഫെഡറൽ ബാങ്ക് ക്രെഡിറ്റ് കാർഡ് ഇല്ലാത്തവർ ആദ്യം ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കണം. തുടർന്ന് വേവ് ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതാണ്.ഇന്ത്യയിലെ ഏറ്റവും ജനപ്രിയ പേമെന്റ് സംവിധാനമായ യുപിഐയുടെ സൗകര്യങ്ങൾ പൂർണമായി ഉപയോഗിക്കാൻ സാധിക്കുന്നു എന്നതാണ് പുതിയ സംവിധാനത്തിന്റെ സവിശേഷതയെന്നും ശാലിനി വാര്യർ പറഞ്ഞു.

ഇന്ത്യക്കാർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള ലളിതമായ ഡിജിറ്റൽ സംവിധാനങ്ങളൊരുക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള മറ്റൊരു പടിയാണ് ഫെഡറൽ ബാങ്കുമായുള്ള റുപേ വേവ് ക്രെഡിറ്റ് കാർഡ് സഹകരണമെന്ന് എൻപിസിഐ ചീഫ് ഓപറേറ്റിങ് ഓഫീസർ പ്രവീണ റായ് പറഞ്ഞു.




# ക്ലാസ്സോ പ്ലസ് ഡിസ്ട്രിബ്യൂഷൻ ബോർഡുമായി വിഗാർഡ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലക്ട്രിക്കൽസ്, ഇലക്ട്രോണിക്സ്, ഹോം അപ്ലയൻസസ് കമ്പനിയായ വിഗാർഡ് ഏറ്റവും പുതിയ ക്ലാസ്സോ പ്ലസ് ഡിസ്ട്രിബ്യൂഷൻ ബോർഡ്സ് അവതരിപ്പിച്ചു. കുമരകത്ത് കേരളത്തിനു പുറമേയുള്ള ഡീലർമാർക്കായി സംഘടിപ്പിച്ച എക്സലൻസ് അവാർഡ്സ് മീറ്റിലാണ് ഡിസൈനിനും പ്രവർത്തനക്ഷമതയ്ക്കും പ്രാധാന്യം നൽകി നിർമ്മിച്ച ക്ലാസ്സോ പ്ലസ് ഡിസ്ട്രിബ്യൂഷൻ ബോർഡ്സ് അവതരിപ്പിച്ചിരിക്കുന്നത്.

വിഗാർഡിന്റെ ഉൽപ്പന്നശ്രേണിയിൽ ഏറ്റവും പുതുതായി എത്തിയ ക്ലാസോ പ്ലസ് ഡിസ്ട്രിബ്യൂഷൻ ബോർഡ് മികച്ച പ്രവർത്തനക്ഷമത, മനോഹാരിത എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തതാണ്. പ്രായോഗികതയ്ക്ക് മുൻതൂക്കം നൽകുന്നതാണ് ഞങ്ങളുടെ ഉൽപ്പന്നങ്ങളിലെ നൂതന ഫീച്ചറുകൾ. അതോടൊപ്പം ഇന്റീരിയർ ആകർഷകമാക്കുന്ന ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിലുള്ള ഞങ്ങളുടെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നതാണ് ഈ പുതിയ ഉൽപ്പന്നം എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ഗാർഹികാവശ്യങ്ങൾക്കും വാണിജ്യകെട്ടിടങ്ങളിലും ഉപയോഗിക്കാവുന്ന വിധത്തിൽ എസ്പിഎൻ, ടിപിഎൻ (ട്രിപ്പിൾ പോൾ ന്യൂട്രൽ) എന്നിങ്ങനെ രണ്ട് തരത്തിലാണ് ക്ലാസ്സോ പ്ലസ് ഡിസ്ട്രിബ്യൂഷൻ ബോർഡുകൾ ലഭിക്കുക. ദീർഘകാലം ഈടുനിൽക്കുന്നതിന് വേണ്ടി സിമന്റ് പ്രൊട്ടക്ഷൻ മാസ്ക്, എളുപ്പത്തിൽ ഉപയോഗിക്കുന്നതിന് സ്ലൈഡിംഗ് നോബ് എന്നിവ നൽകിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ സുഗമമാക്കുന്നതിന് യു ബോക്സിലെ ഡബിൾ ലൈൻ മാർക്ക് സഹായിക്കുന്നു. 82 എംഎം വരെ ആഴത്തിൽ, വിവിധ കെട്ടിടങ്ങളുടെ ഘടനയ്ക്കനുസരിച്ച് എളുപ്പത്തിൽ ഘടിപ്പിക്കാവുന്ന രീതിയിലാണ് ക്ലാസ്സോ പ്ലസ് ഡിസ്ട്രിബ്യൂഷൻ ബോർഡ് നിർമ്മിച്ചിരിക്കുന്നത്. കൂടാതെ, ഉൽപ്പന്നങ്ങൾ കേടുപാടുകളില്ലാതെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിന് ഡബിൾ പാക്കിംഗ് സംവിധാനവും വിഗാർഡ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും കമ്പനി അധികൃതർ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എയർപോർട്ടിൽ കാറ് റെഡി
# സൂം കാറുമായി ചേർന്ന് പുതിയ തുടക്കമിട്ട് എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** രാജ്യത്തെ വിവിധ നഗരങ്ങളിൽ പറന്നിറങ്ങുന്ന എയർ ഇന്ത്യ എക്സ്പ്രസിലെ യാത്രക്കാർക്കായി സൂം കാറുമായി ചേർന്നുള്ള പങ്കാളിത്തതിന് തുടക്കമിട്ട് എയർ ഇന്ത്യ എക്സ്പ്രസ്. യാത്രക്കാർക്ക് ഇഷ്ടമുള്ള കാർ ബുക്ക് ചെയ്യാനും എയർപോർട്ടിൽ നിന്ന് തന്നെ വാഹനമെടുത്ത് സ്വയം ഓടിച്ച് പോകാനുള്ള സംവിധാനമാണ് എയർ ഇന്ത്യ എക്സ്പ്രസ് ഒരുക്കിയിരിക്കുന്നത്. എയർപോർട്ടിൽ നിന്നും വാഹനമെടുത്ത് യാത്രയ്ക്ക് ശേഷം തിരികെ എയർപോർട്ടിൽ തന്നെ വാഹനം പാർക്ക് ചെയ്ത് ആപ്പിലൂടെ ലോഗൗട്ട് ചെയ്യാം എന്നതാണ് പ്രധാന ആകർഷണം.

കൊച്ചി, ബെംഗളൂരു, ഭുവനേശ്വർ, ചെന്നൈ, ഡൽഹി, ഗോവ, ഗുവാഹത്തി, ഹൈദരാബാദ്, ഇൻഡോർ, ജയ്പൂർ, കൊൽക്കത്ത, ലഖ്നൗ, മംഗലാപുരം, മധുരൈ, മുംബൈ, പൂനെ, തിരുച്ചിറപ്പള്ളി, വിജയവാഡ, വിശാഖപട്ടണം എന്നീ നഗരങ്ങളിലെത്തുന്നവർക്ക് എയർ ഇന്ത്യ എക്സ്പ്രസിന്റെ വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും സൂം കാറുകൾ ബുക്ക് ചെയ്യാം. ഏത് തരം യാത്രയ്ക്കും ലഗേജിനും അനുയോജ്യമായ തരത്തിൽ മികച്ച റേറ്റിംഗുള്ള വാഹനദാതാക്കളിൽ നിന്നുള്ള എസ്‌യുവി, സെഡാൻ, ഹാച്ച്ബാക്ക് എന്നിവയും ഇലക്ട്രിക് വാഹനങ്ങളുമാണ് ഒരുക്കിയിട്ടുള്ളത്.പേപ്പറുകൾ പാടെ ഒഴിവാക്കി ഡ്രൈവിംഗ് ലൈസൻസും തിരിച്ചറിൽ കാർഡും ഒപ്പം ഒരു സെൽഫിയും അപ്ലോഡ് ചെയ്താൽ എയർ ഇന്ത്യ എക്സ്പ്രസിന്റെ വൈബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും സൂം കാർ ബുക്ക് ചെയ്യാം. എട്ട് മണിക്കൂർ മുതൽ ദീർഘദൂര യാത്രയ്ക്ക് വരെ അനുയോജ്യമായ പ്ലാനുകളുണ്ട്. സൂം കാറിന്റെ കീ ലെസ് അക്സസ് സംവിധാനം വഴി ഒരു ജീവനക്കാരന്റെ സഹായമില്ലാതെ മൊബൈൽ ആപ്പ് വഴി വാഹനം പിക്ക്അപ്പ്, ഡ്രോപ്പ് ഓഫ് ഉൾപ്പടെ ചെയ്യാനും സാധിക്കും. യാത്ര പുറപ്പെടുന്നതിന് 60 ദിവസം മുതൽ എട്ട് മണിക്കൂർ മുൻപ് വരെ ഈ സേവനം ബുക്ക് ചെയ്യാം.എയർ ഇന്ത്യ എക്സ്പ്രസിലെ ഓരോ യാത്രക്കാർക്കും വ്യക്തിഗത അനുഭവം നൽകുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു. വ്യത്യസ്ഥമായ സേവന നിരക്കുകളും ഉത്പ്പന്നങ്ങളും അടങ്ങിയ ഒരു 'മെനു' കൊണ്ടുവന്നതൊടെ യാത്രക്കാർക്ക് അവർ ആഗ്രഹിക്കുന്ന തരത്തിൽ യാത്രകൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.



# കാലികൾക്ക് ബ്രൂസല്ലോ സിസ് രോഗം; പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ തുടങ്ങി

**കൊല്ലം:** മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക്പകരുന്ന ബ്രൂസല്ലോസിസ് രോഗപ്രതിരോധത്തിനായി ജില്ലയിൽ കുത്തിവയ്പ് ക്യാമ്പുകൾക്ക് തുടക്കം. തുടർച്ചയായി അഞ്ചുദിവസം നീളുന്ന കാമ്പയിനിലൂടെ പൂർണരോഗനിയന്ത്രണമാണ് ലക്ഷ്യമാക്കുന്നതെന്ന് മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർ ഡോ. ഡി. ഷൈൻകുമാർ അറിയിച്ചു. നാലു മുതൽ എട്ടു മാസംവരെ പ്രായമുള്ള പശുഎരുമക്കിടാങ്ങൾക്കാണ് പ്രതിരോധമരുന്ന് നൽകുന്നത്.

ഒരിക്കൽ കുത്തിവയ്പിനു വിധേയമായാൽ ബ്രൂസല്ല രോഗത്തിൽനിന്നും സമ്പൂർണ പരിരക്ഷ കിട്ടും. ദേശീയ ജന്തുരോഗനിയന്ത്രണ പദ്ധതിയുടെ രണ്ടാംഭാഗമായാണ് ക്യാമ്പുകൾ.

78 സ്ക്വാഡുകൾ പിപിഇ കിറ്റുകൾ ധരിച്ചാണ് പ്രതിരോധ മരുന്ന് നൽകുന്നത്. ക്ഷീരസംഘങ്ങൾ, സന്നദ്ധസംഘടനകളുടെ ഓഫീസുകൾ, കർഷകസംഘടന ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ചാണ് കുത്തിവയ്പ് ക്യാമ്പുകൾ സജ്ജമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കി.

കൊട്ടിയം മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശ്രീജ ഹരീഷ് ഉദ്ഘാടനം നിർവഹിച്ചു.

മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. എ. എൽ. അജിത് അധ്യക്ഷനായി. ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഡി. ഷൈൻ കുമാർ, അസി. പ്രോജക്ട് ഓഫീസർമാരായ ഡോ.ഷീബ പി. ബേബി, ഡോ. എസ്. ദീപ്തി, ഡോ.കെ. എസ്. സിന്ധു, ഡോ.എസ്. പ്രമോദ്, ഡോ.കെ. ജി. പ്രദീപ്, ഡോ. സുജ റ്റി. നായർ, ജില്ലാ എപിഡമിയോളജിസ്റ്റ് ഡോ. ആര്യ സുലോചനൻ തുടങ്ങിയവർ പങ്കെടുത്തു.

# ക്രോമയുടെ ഹാപ്പി 500 ടു യു കാമ്പയിന് തുടക്കമായി




**കൊച്ചി:** ക്രോമ അതിൻറെ 500മത് സ്റ്റോർ ചെന്നൈയിൽ തുറക്കുന്നു. ഹാപ്പി 500 ടു യു എന്ന കാമ്പയിന് തുടക്കമിട്ടുകൊണ്ടാണ് ഈ നേട്ടം ക്രോമ ആഘോഷിക്കുന്നത്.500മത് സ്റ്റോർ എന്ന ശ്രദ്ധേയമായ നേട്ടം ആഘോഷിക്കുന്നതിനും ഉപയോക്താക്കളോടുള്ള നന്ദി പ്രകടിപ്പിക്കുന്നതിനും വേണ്ടിയാണ് ക്രോമ പ്രത്യേക കാമ്പയിൻ ആരംഭിച്ചത്. ജൂൺ 23 വരെ എല്ലാ ക്രോമ സ്റ്റോറുകൾ, Croma.com, ടാറ്റാ ന്യൂ എന്നിവിടങ്ങളിൽനിന്നുള്ള പർച്ചേസുകൾക്ക് ചെക്ക് ഔട്ടിൽ എച്ച്500ടിയു എന്ന കൂപ്പൺ കോഡ് ഉപയോഗിച്ച് പത്തു ശതമാനം ഡിസ്ക്കൗണ്ട് നേടാം. വർഷങ്ങളായി ഉപയോക്താക്കൾ നല്കിവരുന്ന അചഞ്ചലമായ പിന്തുണയ്ക്കും വിശ്വാസത്തിനും നന്ദി പറയാനാണ് ക്രോമ ഈ പരിമിത കാല ഓഫർ അവതരിപ്പിക്കുന്നത്. കൂപ്പണിൽ ഉപയോഗ നിയന്ത്രണങ്ങളില്ലാത്തത് ഈ പ്രമോഷനെ കൂടുതൽ സ്പെഷ്യലാക്കുന്നു.അഞ്ഞൂറാമത് സ്റ്റോർ തുറക്കുകയെന്നത് വളരെ പ്രത്യകതയുള്ള ഒരു കാര്യമാണെന്നും അത് ഉപയോക്താക്കളോട് കൂടുതൽ അടുത്തു വരാനുള്ള ഞങ്ങളുടെ സമർപ്പണത്തിന് അടിവരയിടുന്നതാണെന്നും ക്രോമ ഇൻഫിനിറ്റിറീട്ടെയിൽ ലിമിറ്റഡ് ഡെപ്യൂട്ടി സിഇഒ ഷിബാഷിഷ് പറഞ്ഞു. ഞങ്ങൾ ഇപ്പോൾ രാജ്യത്തിൻറെ എല്ലാ മുക്കിലും മൂലയിലും എത്തിയിരിക്കുന്നു. കൂടുതൽ സമൂഹങ്ങളുലേക്ക് ഗാഡ്ജെറ്റുകൾ എത്തിക്കുക എന്നീ ലക്ഷ്യത്തോടെ രാജ്യമെമ്പാടുമുള്ള സ്റ്റോറുകളുടെ വിപുലീകരണങ്ങൾ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.ഹാപ്പി 500 ടു യു കാമ്പയിനെക്കുറിച്ചും വിപുലമായ ഉത്പന്ന ശ്രേണിയെക്കുറിച്ചും അറിയുന്നതിന് ക്രോമ സ്റ്റോർ, Croma.com, ടാറ്റാ ന്യൂ എന്നിവ സന്ദർശിക്കുക.

# വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം

**ആലുവ:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി മൂന്ന് ദിവസത്തെ ഇക്കോ പ്രിന്റിങ് പരിശീലനം നൽകുന്നു. ആലുവ ഗവണ്മെന്റ് ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിൽ ഈ മാസം 27, 28, 29 തീയതികളിലാണ് ക്ലാസ് നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക; 9495664227, 9846494981



സൊസൈറ്റി ടുഡേ
SOCIETY TODAY

# മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ സ്ഥിരം അന്വേഷണ സംവിധാനം സൃഷ്ടിക്കും: ആരോഗ്യ മന്ത്രി

**തിരുവനന്തപുരം:** മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് സ്ഥിരം അന്വേഷണ സംവിധാനം സൃഷ്ടിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ എം. എൽ. എ എച്ച് സലാം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് നിയമസഭയിൽ മറുപടി നൽകുകയായിരുന്നു മന്ത്രി. ജനങ്ങൾക്ക് ഈ സംവിധാനത്തെ ആശ്രയിക്കാനും പരാതി അറിയിക്കാനും കഴിയും. അത്തരം പരാതികൾ പരിഹരിക്കാനുള്ള സ്ഥിരം സംവിധാനമാവും ഇത്.

ആലപ്പുഴ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് അടുത്തിടെയുണ്ടായ വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അന്വേഷണ കമ്മീഷനെ നിയോഗിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ സർക്കാരിനു മുന്നിലെത്തിയ റിപ്പോർട്ടിൽ വസ്തുതകൾ പരിശോധിച്ച് ഡി. എം. ഇയോട് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

സാധാരണക്കാർ ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളാണ് സർക്കാർ ആശുപത്രികൾ. അവിടെ ഗുണനിലവാരമുള്ള ചികിത്സ ലഭിക്കണം. പിഴവുകൾ ഉണ്ടാവാനും പാടില്ല. പിഴവുകൾ സംഭവിച്ചാൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം ഡോക്ടർമാർക്കും നാണക്കേടുണ്ടാക്കുന്ന വിധത്തിൽ വളരെ കുറച്ചു പേർ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ നടപടിയുണ്ടാകുമെന്ന് മന്ത്രി സഭയെ അറിയിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളും മന്ത്രി വിശദീകരിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന പരാതികളിൽ സർക്കാർ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി തെറ്റുചെയ്യുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കണമെന്ന് എച്ച്. സലാം എം. എൽ. എ ആവശ്യപ്പെട്ടു. ആരോഗ്യ മന്ത്രി ആശുപത്രി സന്ദർശിച്ച് ആവശ്യമായി നടപടി സ്വീകരിക്കണം. കോടികൾ ചെലവഴിച്ച് ചികിത്സ മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നു. അതിന് പ്രയാസമുണ്ടാക്കുന്ന നടപടിയാണ് ആലപ്പുഴ മെഡിക്കൽ കോളേജിലെ ചില ഡോക്ടർമാർ സ്വീകരിക്കുന്നതെന്ന് എം. എൽ. എ പറഞ്ഞു.

# കേന്ദ്രം വർധിപ്പിച്ച താങ്ങുവില സംസ്ഥാന സർക്കാർ കർഷകർക്ക് നൽകണം



**ചങ്ങനാശേരി:** കേന്ദ്രം വർധിപ്പിച്ച താങ്ങുവില കർഷകർക്ക് നൽകാതെ പ്രൊഡക്ഷൻ ബോണസിൽ തട്ടിക്കിഴിച്ചു സംസ്ഥാന ഖജനാവിലേക്കു വകയിരുത്താനുള്ള നീക്കം അപലപനീയമാണെന്ന് നെൽ കർഷക സമിതി സംസ്ഥാന കമ്മിറ്റി.

കേന്ദ്രം നെൽസംഭരണ തുക ക്വിൻറലിനു 117 രൂപ വർധിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ കേരള സർക്കാർ കഴിഞ്ഞ രണ്ടു വർഷവും ചെയ്തതുപോലെ കർഷകർക്ക് ഈ തുക നൽകാതിരിക്കാനുള്ള ശ്രമത്തിൻറെ ഭാഗമല്ലേ സിവിൽ സപ്ലൈസ് മന്ത്രിയുടെ പ്രസ്താവനയെന്നു സമിതി കുറ്റപ്പെടുത്തി.

202324 വർഷത്തെ പുഞ്ചക്കൃഷിയുടെ നെല്ല് സംഭരണം പൂർത്തിയായിട്ടും നാളിതുവരെ കർഷകർക്ക് അവരുടെ നെല്ലിൻറെ വില നൽകാത്തതിനെതിരേ നെൽകർഷക സംരക്ഷണ സമിതി പ്രതിഷേധം രേഖപ്പെടുത്തി.

സംരക്ഷണ സമിതി സംസ്ഥാന പ്രസിഡൻറ് റെജീന അഷറഫ് അധ്യക്ഷത വഹിച്ചു. രക്ഷാധികാരി വി.ജെ. ലാലി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സോണിച്ചൻ പുളിങ്കുന്ന്, വർക്കിംഗ് പ്രസിഡൻറ് പി. ആർ. സതീശൻ, ലാലിച്ചൻ പള്ളിവാതുക്കൽ,

പി. വേലായുധൻ നായർ, കെ.ബി. മോഹനൻ, ജോൺ സി. ടിറ്റോ, ഷാജി പണിക്കരുപറമ്പിൽ, മാത്യൂസ് കോട്ടയം, സുഭാഷ് പറമ്പിശേരി, ലാലിച്ചൻ വേലിയാത്ത് കണ്ണാടി, ഷാരോൺ ടിറ്റോ, അജയകുമാർ എന്നിവർ പ്രസംഗിച്ചു.

# കരിപ്പൂർ : ക്രയവിക്രയ പ്രശ്നം പരിഹരിക്കാൻ റിപ്പോർട്ട് തേടി

**കൊച്ചി:** കരിപ്പൂർ വിമാനത്താവളത്തിന്റെ വികസനത്തിനായി എയർപ്പോർട്ട് അതോറിറ്റി അപേക്ഷിച്ച ഭൂമിയിലെ ക്രയവിക്രയ പ്രശ്ന പരിഹാരത്തിനായി റവന്യൂമന്ത്രി റിപ്പോർട്ട് തേടി. തിരുവനന്തപുരത്ത് ആരംഭിച്ച നാലാമത് ജില്ലാ റവന്യൂ അസംബ്ലിയിലാണ് മലപ്പുറം ജില്ലാ കളക്ടറോട് ഒരാഴ്ചയ്ക്കുള്ളിൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചത്.

വിമാനത്താവളത്തിനു വേണ്ടി അതോറിറ്റി കണ്ടെത്തി അപേക്ഷിച്ച ഭൂമിയിൽ താമസിക്കുന്നവർക്ക് കരം അടയ്ക്കാനോ കൈമാറ്റം ചെയ്യാനോ നിർമ്മാണം നടത്താനോ സാധിക്കുന്നില്ലെന്നതാണ് ആക്ഷേപം. സംസ്ഥാനത്തെ മറ്റു പല പദ്ധതി പ്രദേശങ്ങളിലും സമാനമായ അനുഭവങ്ങൾ ഉണ്ടെന്നും അവയെല്ലാം പരിഹരിക്കാൻ ശ്രമമുണ്ടെന്നും മന്ത്രി പറഞ്ഞു.

എംഎൽഎമാർ ചൂണ്ടിക്കാട്ടിയ മറ്റ് വിഷയങ്ങളിൽ അടിയന്തര ഇടപെടലുകൾ ഉണ്ടാവണമെന്നും മന്ത്രി നിർദ്ദേശിച്ചു. പട്ടയം, ഭൂമിതരംമാറ്റം എന്നിവയിൽ ചില ചട്ടഭേദഗതികൾ ആവശ്യമായി വരുന്നുണ്ട്. ഇതിന്റെ പ്രാഥമിക ചർച്ചകൾക്കായി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇന്ന് (21062024) ചേരാനിരുന്ന യോഗം അടുത്ത ആഴ്ചയിലേക്ക് മാറ്റിവച്ചതായി മന്ത്രി അറിയിച്ചു.

മഞ്ചേരി സത്രം ഭൂമിയിലെ അർഹരായവർക്കുള്ള പട്ടയവിതരണം സെപ്റ്റംബർ മാസത്തിനകം നടക്കും. മലപ്പുറം നിയോജക മണ്ഡലത്തിലെ പട്ടയവിതരണവും വേഗത്തിലുണ്ടാവുമെന്നും മന്ത്രി കെ രാജൻ പറഞ്ഞു.




# ഉപതിരഞ്ഞെടുപ്പ്: എൻഡിഎ സ്ഥാനാർഥികൾക്കായി രംഗത്തിറങ്ങും

**കൊച്ചി:** കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന വയനാട് ലോക്സഭാ മണ്ഡലം, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിൽ എൻഡിഎ സ്ഥാനാർഥികളുടെ വിജയത്തിനായി രംഗത്തിറങ്ങുമെന്ന് എൻസിപി എറണാകുളം ജില്ലാ കമ്മിറ്റി യോഗം വ്യക്തമാക്കി. നേരത്തെ നടന്ന തിരഞ്ഞെടുപ്പിൽ ഇവിടങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ തങ്ങളെ വിജയിപ്പിച്ച ജനങ്ങളെ അപമാനിക്കുന്ന സമീപനമാണ് സ്വീകരിച്ചതെന്നും ഈ സാഹചര്യത്തിലാണ് ഉപതിരഞ്ഞെടുപ്പ് വേണ്ടി വന്നതെന്നും യോഗം വിലയിരുത്തി.എൻഡി എ സ്ഥാനാർഥികളുടെ വിജയത്തിനായുള്ള പ്രവർത്തനം അരംഭിച്ചുവെന്ന് യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. റോയി വാരിക്കാട്ട് വ്യക്തമാക്കി. ജില്ലാ പ്രസിഡന്റ് സി എ ജോയ് അധ്യക്ഷത വഹിച്ചു.സംസ്ഥാന നേതാക്കളായ പ്രഘോഷ് രാജ്, അനിൽ ഏരനല്ലൂർ, റ്റിജി കല്ലൻ, റഫ്സൽ സലിം, കബീർ മുഹമ്മദ്, അഭിലാഷ്, സുബിൻ സി ഭാസ്കർ, എൻ വൈ സി സംസ്ഥാന പ്രസിഡന്റ് ശരത് മോഹൻ, എൻഡബ്ല്യു സി സംസ്ഥാന പ്രസിഡന്റ് ദയ വിനോദ്, എസ് റിമോഷ്, സുധീഷ, കെ കെ ഗോപാലകൃഷ്ണൻ, അഡ്വ. റാഫി മാത്യു, പി എസ് സുഭാഷ്,ദീപു തൃപ്പൂണിത്തുറ, ഇ എം മത്തായി, ടി വൈ ബിനോയ് തുടങ്ങിയവർ സംസാരിച്ചു.

# മാർക്കറ്റ് മിസ്റ്ററി വർക്ക്ഷോപ്പ്

**കൊച്ചി:** മാർക്കറ്റിംഗ് മേഖലയിൽ കൂടുതൽ പ്രാവിണ്യം നേടുവാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് , 3 ദിവസത്തെ 'മാർക്കറ്റ്മിസ്റ്ററി' വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. ജൂൺ 27 മുതൽ 29 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം.എം എസ് എം ഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. മാർക്കറ്റ് ഐഡന്റിഫിക്കേഷനും സ്കോപ്പിംഗും, മാർക്കറ്റ് സെഗ്മന്റേഷൻ, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ, ലീഡ് പരിവർത്തന പ്രക്രിയ, ഡിജിറ്റൽ മാർക്കറ്റിംഗും സോഷ്യൽ മീഡിയ ഇടപെടലുകളും, എ ഐ പ്രാപ്തമാക്കിയ മാർക്കറ്റിംഗ് ടൂളുകളിലേക്കുള്ള ആമുഖം, ഇകൊമേഴ്സിൽ ഉൽപ്പന്നങ്ങളുടെ ഓൺബോർഡിംഗ്, മാർക്കറ്റിംഗിൽ ആശയ വിനിമയത്തിന്റെ പ്രാധാന്യം, ടീം ബിൽഡിംഗ് & മാനേജ്മെന്റ് തുടങ്ങിയ നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2950 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓൺലൈനായി http://kied.infot/raining-calender/ ൽ ജൂൺ 24ന് മുൻപ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക്: 0484 2532890/0484 2550322/ 9188922800.

# കൗൺസിലർ നിയമനം; ഇന്റർവ്യു 25ന്

**കൊച്ചി:** പട്ടിവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനം, സ്വഭാവ രൂപീകരണം, പഠന ശേഷി വർധിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ കൗൺസിലിംഗ് നൽകുന്നതിനും കരിയർ ഗൈഡൻസ് നൽകുന്നതിനുമായി 2024 25 അധ്യയന വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ കൗൺസിലർമാരെ നിയമിക്കുന്നു. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ, യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, 2 പാസ്പോർട്ട് സൈസ് ഫോട്ടോ, പ്രവർത്തി പരിചയം കാണിക്കുന്ന സർട്ടിഫിക്കറ്റ്, അഡ്രസ് പ്രൂഫ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ സഹിതം മൂവാറ്റുപുഴ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ ജൂൺ 25ന് രാവിലെ 11 ന് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂ ന് എത്തണം. കൂടുതൽ വിവരങ്ങൾക്ക് 04852970337 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മറയൂരിൽ 19.63 കോടിയുടെ ചന്ദനലേലം

**മറയൂർ:** മറയൂരിൽ നടന്ന ചന്ദന ഇലേലത്തിൽ 19.63 കോടി രൂപയുടെ വിൽപ്പന നടന്നു. രണ്ട് സെക്ഷനുകളായി നടന്ന ലേലത്തിൽ 16 വിഭാഗങ്ങളിലായി 28.5 ടൺ ചന്ദനമാണ് ഒറ്റ ദിവസം നടക്കുന്ന ഓൺലൈൻ ലേലത്തിൽ വനം വകുപ്പ് വച്ചത്.

8.53 ടൺ ചന്ദനമാണ് വിവിധ ക്ലാസുകളിലായി വിൽപ്പന നടന്നത്. കർണ്ണാടക സോപ്സ്, സൂര്യഹാൻഡി ക്രാഫ്റ്റ്സ് ജയ്പുർ!, ജയ്പുർ! ക്ലൗഡ് 9, വൈക്കം ശ്രീ ദുർഗാദേവിക ക്ഷേത്രം, കളരിക്കൽ ഭഗവതി ക്ഷേത്രം മാവേലിക്കര, ശ്രീ പത്മനാഭിക്ഷേത്രം തിരുവനന്തപുരം എന്നിങ്ങനെ ആറു സ്ഥാപനങ്ങളാണ് ലേലത്തിൽ പങ്കെടുത്തത്. 12 കോടി രൂപയുടെ ചന്ദനം കർണ്ണാടക സോപ്സ് മാത്രം വാങ്ങി.

13 ന് നടന്ന ചന്ദന തൈല ലേലത്തിൽ 2 കോടിരൂപയുടെ വിൽപ്പനയും നടന്നിരുന്നതായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എം. ജി. വിനോദ് കുമാർ പറഞ്ഞു.

# 5000 പേർക്ക് സൗജന്യ പത്താം തരം തുല്യതാ കോഴ്സുമായി പത്താമുദയം

**കണ്ണൂർ:** 5000 പേർക്ക്  സൗജന്യമായി പത്താം തരം തുല്യതാ കോഴ്സിൽ  ചേർന്ന് പഠിക്കാൻ അവസരമൊരുക്കി  പത്താമുദയം രണ്ടാം ഘട്ടം. ജില്ലാ പഞ്ചായത്തും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയുക്തമായി സാക്ഷരതാ മിഷന്റെ  സഹകരണത്തോടെ നടപ്പിലാക്കുന്ന സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയാണ് പത്താമുദയം.  അഞ്ച് വർഷം കൊണ്ട് ജില്ലയിലെ 17 വയസിനും 50 വയസിനും ഇടയിലുള്ള മുഴുവൻ പേരെയും പത്താം തരം വിദ്യാഭ്യാസ യോഗ്യതയിലേക്ക് ഉയർത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പത്താം തരം വിജയിച്ച വനിതകൾക്ക് സൗജന്യമായി  വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർ സെക്കണ്ടറി കോഴ്സിൽ ചേരാനും അവസരം നൽകും.ജൂൺ 30 നകം രജിസ്ട്രേഷൻ പൂർത്തികരിക്കും. കുടുംബശ്രീ വഴി തയ്യാറാക്കുന്ന ലിസ്റ്റിലുള്ളവരെ  പ്രേരക്മാർ ഓൺലൈൻ രജിസ്ട്രേഷൻ നടത്തും. യോഗ്യതയുള്ള അധ്യാപകരെ തിരഞ്ഞെടുത്ത് പരിശീലനം നൽകി ജൂലൈ 28 ന് ക്ലാസുകൾ ആരംഭിക്കും. രണ്ടാം ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ.

ഒന്നാം ഘട്ടത്തിൽ 38 പഠനകേന്ദ്രങ്ങളിലായി 2800 പേർ നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്നു. അറുപത് പേർക്ക് ഒരു ക്ലാസ് എന്ന നിലയിലാണ് സജ്ജീകരിച്ചിരിക്കുന്നത്.

പത്താമുദയം രണ്ടാം ഘട്ടവുമായി ബന്ധപ്പെട്ട്  തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺമാർ, പ്രേരക്മാർ തുടങ്ങിയവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ആസൂത്രണ യോഗം ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ ഉദ്ഘാടനം ചെയ്തു.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ചെയർപേഴ്സൺ അഡ്വ കെ കെ രത്നകുമാരി അധ്യക്ഷത വഹിച്ചു. സാക്ഷരതാ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ പി പ്രശാന്ത് കുമാർ പദ്ധതി വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് വി പി സന്തോഷ് കുമാർ, ടി വി ശ്രീജൻ, സജി തോമസ്, ജിബിൻ, ശ്രീജിത്ത്, എ പി അസീറ, വി ആർ വി ഏഴോം തുടങ്ങിയവർ സംസാരിച്ചു.

# ബ്രൂസെല്ലോസിസ് രോഗ നിയന്ത്രണ പദ്ധതി; രണ്ടാം ഘട്ടത്തിന് തുടക്കമായി

**കണ്ണൂർ:**  കേന്ദ്ര സർക്കാരും കേരളാ സംസ്ഥാന മൃഗസംരക്ഷണ വകുപ്പും ചേർന്ന് നടത്തുന്ന ദേശീയജന്തുരോഗ നിയന്ത്രണപദ്ധതിയുടെ ഭാഗമായുള്ള  രണ്ടാം ഘട്ട ബ്രൂസെല്ലോസിസ് രോഗ നിയന്ത്രണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം  ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ദിവ്യ നിർവഹിച്ചു. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടന്ന പരിപാടിയിൽ  ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.വി പ്രശാന്ത് അധ്യക്ഷത വഹിച്ചു. ജന്തുരോഗ നിയന്ത്രണ പദ്ധതി ജില്ലാ കോഡിനേറ്റർ ഡോ. കെ എസ് ജയശ്രീ പദ്ധതി വിശദീകരിച്ചു. ജില്ലാ വെറ്ററിനറി കേന്ദ്രം ചീഫ് വെറ്ററിനറി ഓഫീസർ  ഡോ. ബിജോയ് വർഗീസ്, കണ്ണൂർ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ ഡോ. എ നസീമ, കണ്ണൂർ മേഖലാ രോഗനിർണ്ണയ ലബോറട്ടറി ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഒ എം അജിത, കണ്ണൂർ മേഖലാ മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ  ഡോ.പി ടി സന്തോഷ് കുമാർ, കൊമ്മേരി മേഖലാ മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ഡോ.എ ദീപ, കണ്ണൂർ ജന്തുരോഗ നിയന്ത്രണ പദ്ധതി ജില്ലാ എപ്പിഡമിയോളജിസ്റ്റ് ഡോ. ആരമ്യ തോമസ് തുടങ്ങിയവർ സംസാരിച്ചു.

# സ്കൂളുകളിൽ ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങൾ നടപ്പാക്കണം: ഭക്ഷ്യസുരക്ഷാ ഉപദേശക സമിതി

**കൊച്ചി:** സ്കൂളുകളിൽ ഭക്ഷ്യസുരക്ഷ, ഗുണനിലവാരം ഉറപ്പാക്കുന്നതിന് എഫ്.എസ്.എസ്.എ.ഐ മാനദണ്ഡങ്ങൾ നടപ്പാക്കണമെന്ന് ജില്ലാ ഭക്ഷ്യസുരക്ഷാ ഉപദേശക സമിതി യോഗം. വ്യക്തിശുചിത്വം, ആരോഗ്യം എന്നിവ ഉറപ്പാക്കുന്നതിന് ഭക്ഷണം പാകം ചെയ്യുന്നവർ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്/ഹെൽത്ത് കാർഡ് എടുക്കണം. ആരോഗ്യപ്രശ്നങ്ങൾ ഇല്ലാത്തവരെ മാത്രമേ പാചകം ചെയ്യാൻ അനുവദിക്കാവൂ. മികച്ച പ്രവർത്തനം നടത്തുന്ന സ്കൂളുകൾക്ക് 'ഈറ്റ് റൈറ്റ് സ്കൂൾ' പദ്ധതി പ്രകാരം സർട്ടിഫിക്കേഷൻ സമ്മാനിക്കും. എ.ഡി.എം ടി.മുരളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് നിർദേശം നൽകിയത്.

ശക്തൻ ബസ് സ്റ്റാന്റിന് സമീപത്തെ ആകാശപാതയുടെ കീഴിലെ സ്ട്രീറ്റ് ഫുഡ് ഹബ് തുടങ്ങുന്നതിന് വിശദമായ പ്രൊപോസൽ സമർപ്പിക്കാൻ കോർപറേഷന് നിർദേശം നൽകി. കൂടാതെ, പഞ്ചായത്തിന്റെ അധീനതയിൽ സമാന സ്ഥലങ്ങൾ കണ്ടെത്താൻ  എൽ.എസ്.ജി.ഡിയോടും ആവശ്യപ്പെട്ടു. ജില്ലയിൽ നിലവിലുള്ള അറവുശാലകൾ നിയമാനുസൃതമായി ലൈസൻസ് എടുത്ത് മാത്രമേ പ്രവർത്തിക്കാവൂയെന്ന് നിർദേശിച്ചു. അല്ലാത്തവ പരിശോധിച്ച് നടപടി സ്വീകരിക്കും.

തെരുവോരങ്ങളിൽ ഭക്ഷ്യവിഭവങ്ങൾ വിൽക്കുന്ന കച്ചവടക്കാർ പാചകം ചെയ്ത ഓയിലുകൾ ആവർത്തിച്ച് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്താൻ ഭക്ഷ്യസുരക്ഷ വകുപ്പിന് നിർദേശം നൽകി. പൊതുമരമാത്ത് റോഡുകൾ കൈയേറി കച്ചവടം നടത്തുന്നവരെ ഒഴിപ്പിക്കാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടു. വഴിയോരങ്ങളിൽ അനധികൃത അറവുശാലകൾ പ്രവർത്തിപ്പിക്കരുത്. നിശ്ചിത സമയത്തിനകം മാറിയില്ലെങ്കിൽ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടി ഉണ്ടാകും. ഹോട്ടൽ ഗ്രേഡിങ്ങിന്റെ ഭാഗമായി നടത്തുന്ന ശുചിത്വ റേറ്റിങ്ങിന്റെ വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണുന്നവിധം ഹോട്ടലുകളിൽ പ്രദർശിപ്പിക്കണം. ജില്ലയിലെ ഫ്ളാറ്റുകളിലെ കുടിവെള്ള സ്രോതസുകൾ കേന്ദ്രീകരിച്ച് തദ്ദേശസ്വയംഭരണം, ആരോഗ്യം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകൾ സംയുക്ത പരിശോധന നടത്തുമെന്നും തീരുമാനിച്ചു.

മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഉപയോഗിക്കുന്ന കിറ്റുകൾ ഉപയോഗിക്കേണ്ട വിധം സംബന്ധിച്ച് അവബോധം നൽകുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവർക്ക് പരിശീലനം നൽകി. ഹോട്ടലുകളിൽ മേശകളും മറ്റും വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 228 സ്ഥാപനങ്ങൾ പരിശോധിച്ച് 35 എണ്ണത്തിന് നോട്ടീസ് നൽകി. മഴക്കാലത്തോടനുബന്ധിച്ച് നടത്തുന്ന ഓപ്പറേഷൻ മൺസൂണിന്റെ ഭാഗമായി മെയ് 22 മുതൽ ജൂൺ 18 വരെ 299 സ്ഥാപനങ്ങളിൽ പരിശോധന നടത്തി.

88 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 246 സാമ്പിളുകൾ പരിശോധനയക്ക് വിധേയമാക്കിയതായും അസി. ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.



# കൊച്ചിയിലെ കുടിവെള്ള വിതരണം വിവാദ പദ്ധതിക്ക് ഫ്രഞ്ച് കമ്പനി

**കൊച്ചി:** കൊച്ചിയിലെ കുടിവെള്ള വിതരണം ആധുനികവത്കരിക്കുന്നതിനായി ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിൻറെ (എഡിബി) ധനസഹായത്തോടെ നടപ്പാക്കുന്ന ബ്രഹത് പദ്ധതിക്കുള്ള കരാർ ഫ്രഞ്ച് കമ്പനിക്ക് . സോയൂസ് പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡിനാണ് എസ്റ്റിമേറ്റ് തുകയേക്കാൾ 21 ശതമാനം തുക അധികം നൽകി കരാർ നൽകിയിരിക്കുന്നത്.

ഭരണപക്ഷ യൂണിയനുകളുടേ തടക്കം ജല അഥോറിറ്റിയുടെ എല്ലാ തൊഴിലാളി സംഘടനകളുടെയും എതിർപ്പ് മറികടന്നാണ് സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റിയുടെ നടപടി.

പദ്ധതിത്തുകയുടെ 24 ശതമാനമാണ് അധിക തുകയായി സോയൂസ് ആവശ്യപ്പെട്ടത്. ഇത് അതേപടി അംഗീകരിച്ചില്ലെങ്കിലും 21 ശതമാനം അധിക തുക നൽകാൻ ഉദ്യോഗസ്ഥ തലത്തിലുള്ള കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. എസ്റ്റിമേറ്റിനേക്കാൾ 10 ശതമാനം കൂടുതൽ തുക വർധിച്ചാൽ അതിന് സർക്കാരിൻറെ അംഗീകാരം നേടിയെടുക്കേണ്ടതുണ്ട്.

നഗരത്തിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിയാണിതെന്നാണ് ജല അഥോറിറ്റിയുടെ വിശദീകരണം. 798.13 കോടി മുടക്കി കുടിവെള്ള വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതാണ് പദ്ധതി. ഇതിൽ 70 ശതമാനം എഡിബിയും 30 ശതമാനം സംസ്ഥാനവും വഹിക്കും. രണ്ട് ശതമാനം പലിശ നിരക്കിലാണ് എഡിബിയിൽ നിന്ന് വായ്പ എടുക്കുന്നത്.

നഗരത്തിലെ നിലവിലുള്ള അഞ്ച് കുടിവെള്ള ശുദ്ധീകരണ പ്ലാൻറുകളുടെ ശേഷി വർധിപ്പിക്കുന്നതിനും കുടിവെള്ള വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുന്നതിനും തുക വിനിയോഗിക്കും.

കൂടാതെ മെച്ചപ്പെട്ട ബില്ലിംഗ് സംവിധാനത്തിനായി മൊബൈൽ ആപ്, ഭൂമിശാസ്ത്രപരമായ വിവരങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിപ്പിക്കുന്ന മെയിൻറനൻസ് മാനേജ്മെൻറ് സിസ്റ്റം വികസിപ്പിക്കൽ, ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റത്തിൻറെ നവീകരണം എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

ഇതോടൊപ്പം വാട്ടർ അഥോറിറ്റിയിലെ സാങ്കേതിക, ഭരണ നിർവഹണച്ചുമതലയുള്ള  ജീവനക്കാർക്ക് ജലവിതരണ സേവനങ്ങളിലെ വൈദഗ്ധ്യം വർധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകും. ജലവിതരണ സംവിധാനങ്ങളുടെ വിവിധ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാനും പദ്ധതി ഉദ്ദേശിക്കുന്നുണ്ട്.

ഗാർഹിക ജല വിതരണം, ജല ഓഡിറ്റുകൾ, ഗുണനിലവാരം, ശുചിത്വം എന്നിവയെക്കുറിച്ചും സ്ത്രീകൾക്ക് ബോധവത്ക്കരണ ക്ലാസുകൾ നൽകും. കൊച്ചി കോർപറേഷനെ ഒമ്പത് സോണുകളായി തിരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. 10 വർഷമാണ് പദ്ധതിയുടെ കാലാവധി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ

**മൂവാറ്റുപുഴ:** വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ 202024 ബി ടെക് ബാച്ചുകളുടെയും, 202224 എംബിഎ ബാച്ചിൻറെയും മെറിറ്റ് ആൻഡ് ഫെയർവെൽ ഡേ കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. നിറ്റാ ജലാറ്റിൻ ഡയറക്ടർ ഇ. നന്ദകുമാർ ഉദ്ഘാടനം നിർവഹിച്ചു. കോളജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ അധ്യക്ഷത വഹിച്ചു.

ഡയറക്ടർ റവ. ഡോ. പോൾ പാറത്താഴം, പ്രിൻസിപ്പൽ ഡോ. കെ. കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, പിടിഎ വൈസ് പ്രസിഡൻറ് ഫ്രാൻസിസ് ജോർജ്, സ്റ്റുഡൻസ് കൗൺസിൽ ചെയർമാൻ ജിഷ്ണു ബൈജു എന്നിവർ പ്രസംഗിച്ചു. വിവിധ എൻജിനീയറിംഗ്, എംബിഎ വിഭാഗങ്ങളിലായി 344 വിദ്യാർഥികളാണ് ഈ വർഷം പഠനം പൂർത്തീകരിച്ചത്.

കാന്പസ് റിക്രൂട്ട്മെൻറിലൂടെ 200ൽപ്പരം വിദ്യാർഥികൾക്ക് വിവിധ കന്പനികളിലായി ജോലി ലഭിച്ചുകഴിഞ്ഞു. കൂടാതെ ഈ വിദ്യാർഥികൾക്ക് ഉൾപ്പെടെ വിവിധ കന്പനികളിലായി 350 പ്ലെയ്സ്മെൻറ് ഓഫറുകളും ലഭിച്ചിട്ടുണ്ട്. ബെസ്റ്റ് ഔട്ട് ഗോയിംഗ് സ്റ്റുഡൻറിനുള്ള ഫാ. തോമസ് മലേക്കുടി എൻഡോവ്മെൻറ് അവാർഡ് ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് ഡാറ്റ സയൻസ് എൻജിനീയറിംഗ് ഡിപ്പാർട്ട്മെൻറിലെ നിവ്യാ വിനീതിന് കോളജ് മാനേജർ ചടങ്ങിൽ സമ്മാനിച്ചു.

ഓരോ ബ്രാഞ്ചുകളിലും മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്കുള്ള ഫാ. ജോസഫ് പുത്തൻകുളം മെമ്മോറിയൽ അവാർഡും, മാത്തമാറ്റിക്സിൽ ഉന്നത വിജയം നേടിയ വിദ്യാർഥിക്കുള്ള പ്രഫ. ആൻ നീത സാബു എൻഡോവ്മെൻറ് അവാർഡും, മെക്കാനിക്കൽ വിദ്യാർഥികൾക്കായുള്ള മുരളീ കൃഷ്ണ അവാർഡും, ഓരോ ബ്രാഞ്ചുകളിലെയും ബെസ്റ്റ് പ്രോജക്ടുകൾക്ക് പൂർവ വിദ്യാർഥികൾ സ്പോൺസർ ചെയ്യുന്ന അവാർഡുകളും ചടങ്ങിൽ നൽകി.

# സെൻറ് ജോസഫ്സ് കോളജിൽ ഇൻഡക്ഷൻ പ്രോഗ്രാം

ഇരിങ്ങാലക്കുട: സെൻറ് ജോസഫ്സ് കോളജിൽ ഒന്നാംവർഷ ബിരുദ വിദ്യാർഥിനികൾക്കായുള്ള ഇൻഡക്ഷൻ പ്രോഗ്രാം 'ഉജ്ജ്വൽ 2024' ൻറെ ഉദ്ഘാടനം പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ബ്ലെസി നിർവഹിച്ചു. നാലുവർഷ ബിരുദ വിദ്യാഭ്യാസം വിദ്യാർഥികൾക്ക് നിരവധി അവസരങ്ങളാണ് നൽകുന്നതെന്ന് സിസ്റ്റർ കൂട്ടിച്ചേർത്തു.തുടർന്ന് ട്രെയിനർ എം. എസ്. ഡിമ്പിൾ റീഷൻ രക്ഷിതാക്കൾക്കായി ഓറിയൻറേഷൻ ക്ലാസ് നൽകി.

# സാക്ഷരതാ മിഷൻ വായനാപക്ഷാചരണ പരിപാടികൾക്കു തുടക്കം

**കോട്ടയം:** മൂന്നാഴ്ച നീളുന്ന വായനാപക്ഷാചരണ പരിപാടികൾക്കു ജില്ലാസാക്ഷരതാമിഷൻ തുടക്കം കുറിച്ചു. ജൂൺ 19 മുതൽ ജൂലൈ ഏഴുവരെ നടക്കുന്ന വായന പക്ഷാചരണ പരിപാടികളോടനുബന്ധിച്ച് സാഹിത്യ ക്വിസ്, സെമിനാർ, പുസ്തക ശേഖരണം, പുസ്തക ചർച്ച, സാംസ്കാരിക സമ്മേളനം, സാക്ഷരതാ രംഗത്ത് മികച്ച സേവനം നൽകിയവരെ ആദരിക്കൽ എന്നിവ സംഘടിപ്പിക്കും. ജില്ലയിലെ 10 തുല്യതാ പഠനകേന്ദ്രങ്ങളിൽ സാംസ്കാരിക സമ്മേളനങ്ങളും സെമിനാറും സംഘടിപ്പിക്കും. തൊണ്ണൂറിലധികം വിദ്യാകേന്ദ്രങ്ങളിൽ സാക്ഷരതാ പ്രേരക്മാരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി പുസ്തക ശേഖരണം നടത്തും.നാല്,ഏഴ്, പത്ത്,ഹയർ സെക്കൻഡറി വിഭാഗങ്ങളിലെ ആയിരത്തിലധികം വരുന്ന പഠിതാക്കൾ ഒരാൾ ചുരുങ്ങിയത് അഞ്ചുപേരെയെങ്കിലും കണ്ടെത്തി വായനയെ പ്രോത്സാഹിപ്പിക്കും. സാഹിത്യ ക്വിസ് , പുസ്തക ശേഖരണം എന്നിവയിൽ മികവു പുലർത്തുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തുന്നവർക്ക് ജൂലൈ ഏഴിനു നടക്കുന്ന സമാപന ചടങ്ങിൽ സമ്മാനം നൽകും. വായന പക്ഷാചരണത്തോട് അനുബന്ധിച്ച് ശേഖരിക്കുന്ന പുസ്തകങ്ങൾ ഉപയോഗിച്ച് സാക്ഷരതാ പ്രവർത്തകരുടെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന ലൈബ്രററിയും ആരംഭിക്കും.

# കുട്ടികളിലെ അക്രമവാസന പ്രത്യേക കൗൺസിലിങ്ങ് നൽകണം: ബാലാവകാശ കമ്മീഷൻ



**ബത്തേരി:** കുട്ടികളിലെ അക്രമവാസനകൾ ഇല്ലാതാക്കുന്നതിന് വിദ്യാലയങ്ങൾ മുൻ കൈയ്യെടുത്ത് കുട്ടികൾക്ക് പ്രത്യേക കൗൺസിലിങ്ങ് നൽകണമെന്ന് ബാലവകാശ കമ്മീഷൻ ചെയർമാൻ കെ.വി. മനോജ്കുമാർ പറഞ്ഞു. പത്താംതരം വിദ്യാർത്ഥിയെ സഹപാഠികൾ മർദ്ദിച്ച സംഭവത്തിൽ മൂലങ്കാവ് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെത്തി തെളിവെടുപ്പ് നടത്തുകയായിരുന്നു കമ്മീഷൻ. കുട്ടികൾക്ക് പഠിക്കാനുള്ള സമാധാനം അന്തരീക്ഷം വിദ്യാലയങ്ങളിൽ പുലരണം. കുട്ടികളിൽ സഹപാഠികൾ തമ്മിലുള്ള അനിഷ്ടസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവ പരിഹരിക്കുന്നതിന് അധ്യാപകരും രക്ഷിതാക്കളും ശ്രദ്ധിക്കണം. വിദ്യാലയങ്ങളും രക്ഷകർത്താക്കളും ഒരുപോലെ കൈകോർത്ത് കുട്ടികൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും. മൂലങ്കാവ് വിദ്യാലയത്തിൽ ഉണ്ടായ അനിഷ്ട സംഭവങ്ങൾ രമ്യമായി പരിഹരിക്കണം. ഇതിനായി രക്ഷാകർത്താക്കളുടെയും ജനപ്രതിനിധികളുടെയും യോഗം ഉടൻ വിളിച്ചു ചേർക്കാനും ബാലാവകാശ കമ്മീഷൻ ചെയർമാൻ നിർദ്ദേശം നൽകി. ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് വഴി കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകാൻ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറെ ചുമതലപ്പെടുത്തി. ഏറ്റവും അടുത്ത ദിവസം തന്നെ ഇതിനുള്ള നടപടികൾ സ്വീകരിക്കണം. ആവശ്യമെങ്കിൽ പോലീസിന്റെ ഭാഗത്തുനിന്നും കുട്ടികൾക്കുള്ള പ്രത്യേക കൗൺസിലിങ്ങ് നൽകണം. സംഭവത്തെ തുടർന്ന് കേസിൽ ഉൾപ്പെട്ട കുട്ടികൾക്ക് ഇതിനോടകം മുടങ്ങിയ പാഠഭാഗങ്ങൾ ലഭ്യമാക്കണമെന്നും പ്രധാന അധ്യാപികയോട് കമ്മീഷൻ നിർദ്ദേശിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, സ്കൂൾ വികസന സമിതി അംഗങ്ങൾ,വിദ്യാഭ്യാസ വകുപ്പ് അധികൃതർ തുടങ്ങിയവരെയെല്ലാം ഉൾപ്പെടുത്തി യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കണം. കുട്ടികൾക്ക് നൽകുന്ന ശരിയായ കൗൺസിലിങ്ങിലൂടെ വിദ്യാലയത്തിലെ പഠനാന്തരീക്ഷം വളരെ വേഗം പുനസ്ഥാപിക്കാൻ കഴിയണം. വിദ്യാലയത്തിൽ നടന്ന സംഭവങ്ങളെ കുറിച്ച് പ്രധാന അധ്യാപികയിൽ നിന്നും കമ്മീഷൻ മൊഴിയെടുത്തു. ബാലാവകാശ കമ്മീഷൻ അംഗം ബി.മോഹൻകുമാർ, വിദ്യാഭ്യാസ ഉപ ഡയറക്ടർ വി.എ ശശീന്ദ്രവ്യാസ്, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ കാർത്തിക അന്ന തോമസ്, ബത്തേരി പോലീസ് സബ് ഇൻസ്പെക്ടർ എ.അനിൽ കുമാർ, മൂലങ്കാവ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ എസ്. കവിത, പ്രധാന അധ്യാപിക കെ.എം ജയന്തി, പി.ടി.എ പ്രസിഡന്റ് കെ.എൻ എബി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

